കോന്നി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി

64 (876) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ കോന്നി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്ക് പുനഃസംഘടന എന്നത്തേയ്ക്ക് നടപ്പാക്കും ; ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് താലൂക്ക് പുനഃസംഘടന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കോന്നി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) ഉണ്ട്. താലൂക്ക് വിഭജനം സംസ്ഥാന സർക്കാരിന് വളരെയധികം സാമ്പത്തികഭാരം ഉണ്ടാക്കുന്ന കാര്യമാണ്. എന്നിരുന്നാലും ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലും, സാമൂഹികവും ഭൂമിശാസ്ത്ര പരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തും ചില താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഏതൊക്കെ താലൂക്കുകൾ രൂപീകരിക്കണമെന്നതിനെ സംബന്ധിച്ച് ഉടൻതന്നെ തീരുമാനം എടുക്കുന്നതാണ്.

പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടി

65 (877) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ എവിടെ എല്ലാം ;

(ബി) കൊട്ടാരക്കര താലൂക്ക് അടിയന്തിരമായി വിഭജിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കൊട്ടാരക്കര താലൂക്ക് വിഭജിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) പരിഗണനയിലാണ്. താലൂക്ക് വിഭജനം സംസ്ഥാന സർക്കാരിന് വളരെയധികം സാമ്പത്തികഭാരം ഉണ്ടാക്കുന്ന കാര്യമാണ്. എന്നിരുന്നാലും ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തും ചില താലൂക്കുകൾ വിഭജിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. ഏതെല്ലാം താലൂക്കുകൾ രൂപീകരിക്കണമെന്നതിനെ സംബന്ധിച്ച് താമസിയാതെ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly